(ബി) വിലനിലവാരം അനുബന്ധമായി ചേർത്തിരിക്കുന്നു.† 2000, വിളവെടുപ്പുകാലത്ത് മില്ലിംഗ് കൊപ്ര കിന്റലിന് 3,250 രൂപയായി താങ്ങുവില പ്രഖ്യാപിച്ചതനുസരിച്ച് 2000 മാർച്ച് മുതൽ 2001 ജനുവരി വരെ 80,000 മെട്രിക് ടൺ കൊപ്ര കർഷകരിൽനിന്നും സംഭരിച്ചു. 2001 വിളവെടുപ്പ് കാലത്തേയ്ക്ക് കിന്റലിന് 4,600 രൂപയായി താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. പാമോലിൻ ഇറക്കുമതി ചുങ്കം 300 ശതമാനം ആക്കുവാനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ റബ്കോ മുഖേന 13,000 മെട്രിക് ടൺ റബ്ബർ കയറ്റുമതി ചെയ്തു. കൂടാതെ 25000 മെട്രിക് ടൺ ഷീറ്റ് റബ്ബറും 25000 മെട്രിക് ടൺ ക്രമ്പ് റബ്ബറും കയറ്റുമതി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കഴിഞ്ഞ മാസത്തിൽ റബ്ബറിന്റെ അന്താരാഷ്ട്ര വിലയും ആഭ്യന്തരവിലയും ഒന്നുതന്നെയാണ്. അതായത് കിലോയ്ക്ക് 27 രൂപ. കുരുമുളക്, ഏലം, കശുവണ്ടി, ഗ്രാമ്പൂ, ജാതി എന്നിവയ്ക്ക് അന്താരാഷ്ട്രവില, ആഭ്യന്തര വിലയേക്കാൾ വളരെ കൂടുതലാണ്.

(ഡി) ഈ പറഞ്ഞ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

കെട്ടിടനിർമ്മാണത്തിന് പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ

29 (*89) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൂന്ന് സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് കെട്ടിട നിർമ്മാണത്തിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ എന്തെല്ലാം ; പ്രസ്തുത ഇളവുകൾ ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിനുള്ള അധികാരം ഇപ്പോൾ ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ;

(സി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിനുള്ള അധികാരം ജില്ലാ പഞ്ചായത്തുകൾക്ക് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് മൂന്ന് സെന്റിൽ താഴെയുള്ള പ്ലോട്ടുകളിൽ രണ്ടു നിലയ്ക്കും സ്റ്റെയർകേസ് മുറിയും പണിയാവുന്നതാണ്. ദേശീയപാത, സംസ്ഥാന പാത, ജില്ലാറോഡുകൾ മുനിസിപ്പാലിറ്റി വിജ്ഞാപനം ചെയ്യുന്ന റോഡുകൾ ഒഴികെയുള്ള റോഡുകളിൽ മിനിമം ഫ്രണ്ട് സൈറ്റ് ബാക്ക് 2 മീറ്റർ മതിയാകുന്നതാണ്. പുറകുവശത്ത് ശരാശരി 1 മീറ്റർ തുറസ്സായ സ്ഥലം വിട്ടാൽ മതി. ഒരു വശത്ത് 90 സെന്റീമീറ്ററും മറുവശത്ത് 60 സെന്റീമീറ്ററും തുറസ്സായ സ്ഥലം വശങ്ങളിൽ വിട്ടാൽ മതിയാകുന്നതാണ്. എന്നാൽ ഏറ്റവും കുറഞ്ഞത് 50 സെന്റീ മീറ്റർ തുറസ്സായ സ്ഥലം വിടേണ്ടതാണ്. 1999-ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഈ നിയമങ്ങൾ പ്രാബല്യത്തിലുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

കാർഷികരംഗത്തെ നേട്ടങ്ങൾ

30 (*90) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവസാങ്കേതിക വിദ്യ, ജൈവകീട നിയന്ത്രണം ഉൾപ്പെടെ കാർഷികരംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ കാർഷികരംഗം ആധുനികവൽക്കരിക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കഴിഞ്ഞ നാല് വർഷക്കാലത്ത് സംസ്ഥാനത്തിന് പുതിയ ഏതെങ്കിലും വിളയുടെ കൃഷി ആരംഭിക്കുകയോ കാർഷികരംഗം യന്ത്രവൽക്കരിക്കാനുള്ളള എന്തെങ്കിലും പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ജൈവസാങ്കേതിക വിദ്യാരംഗത്ത് ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യ മുഖേന ഓർക്കിഡ്, ബിഗോണിയ, ആന്തൂറിയം എന്ന പുഷ്പയിനങ്ങളുടെയും നേന്ത്രൻ, കപ്പവാഴ, വാനില, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്. ആയതിന് ഗുണമേന്മയുള്ള മാതൃസസ്യങ്ങളിൽ നിന്നും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ തൈകൾ ഉൽപ്പാദിപ്പിക്കുക, ജനിതകമേന്മയുള്ള ഇനങ്ങളുടെ തൈകൾ സസ്യപ്രചരണം വഴി ഉൽപ്പാദിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഒരു ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ ആദ്യമാരംഭിച്ച ഒരു സംരംഭമാണിത്.

ജൈവകീട നിയന്ത്രണരംഗത്ത് ജൈവകീടനാശിനികൾ ഫലപ്രദമായും വ്യാപകമായും ഉപയോഗിച്ചുവരുന്നു. രോഗകീടനിയന്ത്രണത്തിനായി എതിർപ്രാണികളെ ഫലപ്രദമായി ഉപയോഗിക്കുന്നു. നെല്ലിലെ തണ്ടുതുരപ്പൻ പുഴു, ഇല ചുരുട്ടിപ്പുഴു, കൊലവാട്ടം, കുരുമുളകിലെ ദ്രുതവാട്ടം, ഇഞ്ചിയിലെ വേരഴുകൽ തുടങ്ങിയ രോഗകീടങ്ങൾക്കെതിരെ മണ്ണുത്തിയിലെ ബയോകൺട്രോൾ ലാബിൽ വളർത്തിയെടുത്ത എതിർപ്രാണികൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(ബി&സി) നെൽമേഖലയിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി 100 വിത്ത് വില്ലേജുകൾ സ്ഥാപിച്ചു. ജൈവ-ജീവാണു വളപ്രയോഗം വർദ്ധിപ്പിച്ച് സംയോജിത വളപ്രയോഗത്തിലൂടെയും ജൈവകീടനാശിനി ഉപയോഗത്തിലൂടെ സംയോജിതകീടരോഗ നിർമ്മാർജനത്തിന് പ്രാമുഖ്യം നൽകി. രോഗകീടനിയന്ത്രണത്തിനായി

LIBRARY ARCHIVES Kerala Legislative Assembly